# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1514. 12-06-2019 ൽ മറുപടിയ്ക്ക്

## പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി

**ചോദ്യം**
ശ്രീ.എ.പി. അനിൽ കുമാർ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിട്ടുണ്ടോ; ഈ പദ്ധതിയിൽ സംസ്ഥാനത്തെ എത്ര കർഷകർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് 31/05/2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോക സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10/03/2019 വരെ ലഭിച്ച അപേക്ഷകളിൽ വിവിധ ഘട്ടങ്ങളിലെ പരിശോധന പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് പദ്ധതി പ്രകാരം ഇതിനകം ആനുകൂല്യം ലഭിച്ചു. |
| (ബി) | ചെറുകിട നാമമാത്രകർഷകർക്ക് മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | പദ്ധതി തുടങ്ങിയ അവസരത്തിൽ ചെറുകിട നാമമാത്രകർഷ കുടുംബങ്ങൾക്ക് മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡ് പ്രകാരം 01-02-2019 ൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള 2018-19 സാമ്പത്തിക വർഷത്തിലെ സ്ഥലത്തിന്റെ കരമടച്ച രസീത് സമർപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷക കുടുംബത്തിനായിരുന്നു പദ്ധതി പ്രകാരം അർഹത നൽകിയിരുന്നത്. എന്നാൽ പദ്ധതിയുടെ ആനുകൂല്യം എല്ലാ കർഷകരിലേക്കും എത്തിക്കുന്നതിനായി കൃഷി ഭൂമിയുടെ ഉയർന്ന പരിധി ഒഴിവാക്കിയതായി പുതിയ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഇപ്പോൾ വന്നിട്ടുണ്ട്. |
| (സി) | അർഹരായ എല്ലാ കർഷക-രെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്ക് ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | അർഹരായ എല്ലാ കർഷകരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്ക് ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് 31/05/2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് അന്തിമ തീയതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ